**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 149** **19-01-2021 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യശേഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.ജോയി,<br>ശ്രീ. കെ. സുരേഷ് കുറുപ്പ് ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീമതി യു. പ്രതിഭ | | Shri A. C. Moideen<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാന പദ്ധതി വിഹിതത്തിന്റെ നാലിലൊന്ന് തുകയുടെ വികസനം നടപ്പാക്കേണ്ട സ്ഥാപനങ്ങളെന്ന നിലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യശേഷി വർദ്ധനവിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (എ) | തദ്ദേശ ഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. താരതമ്യേന ലളിതവും കാലതാമസം ഒഴിവാക്കുന്നതും വിദഗ്ധരുടെയും സന്നദ്ധ പ്രവർത്തകരുടേയും പങ്കാളിത്തം ഉറപ്പ് വരുത്തുന്നതുമായ ഒരു ആസൂത്രണ പ്രക്രിയയാണ് ഇപ്രകാരം നിർദ്ദേശിച്ചിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ നിർവ്വഹണം ആരംഭിക്കുന്ന രീതിയിൽ മുൻകൂട്ടി തന്നെ വികസന പദ്ധതികൾക്ക് അംഗീകാരം നേടുന്ന രീതിയിലേയ്ക്ക് മാറുകയുണ്ടായി. ഇത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകളുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിന് സഹായകമായിട്ടുണ്ട്. ജനകീയാസൂത്രണ പ്രക്രിയയിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ നിർവ്വഹണ ചുമതലകളിൽ സഹായ സംവിധാനം ഒരുക്കുക എന്ന ഉദ്ദേശത്തോടെ ആസൂത്രണ സമിതികൾക്ക് രൂപം നൽകിയിട്ടുണ്ട്. കൂടാതെ വിഷയ മേഖലാടിസ്ഥാനത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾക്കും രൂപം നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം സുഗമമാക്കുന്നതിന് കൂടുതൽ നിർവ്വഹണ ഉദ്യോഗസ്ഥരെയും വെറ്റിംഗ് ഓഫീസർമാരെയും നൽകിയിട്ടുണ്ട്. പ്രോജക്ടുകളുടെ ഗുണനിലവാരവും സാങ്കേതിക മികവും മെച്ചപ്പെടുത്തുന്നതിനായി ജില്ലാ റിസോഴ്സ് സെന്ററുകളും രൂപീകരിച്ചിട്ടുണ്ട്. ഇവ കൂടാതെ കില, IMG, SIRD, DPC എന്നിവ മുഖാന്തരം വിപുലമായ പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ പദ്ധതി നിർവ്വഹണം കാര്യക്ഷമവും വേഗത്തിലുമാക്കുന്നതിന് ഉതകുന്ന സാംഖ്യ, സുലേഖ തുടങ്ങിയ സോഫ്റ്റ് വെയറുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കേണ്ട സേവനങ്ങൾ അഴിമതിരഹിതമായി സുതാര്യവും കാര്യക്ഷമതയോടെയും ലഭ്യമാക്കുന്നതിന് ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം (ഐ.എൽ.ജി.എം.എസ്.) ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിന്റെ വിശദവിവരം നൽകുമോ; | (ബി) | ഉണ്ട്. വ്യത്യസ്ത ആപ്ലിക്കേഷനുകളെ ഏകീകരിച്ച് ഒറ്റ ലോഗിനിലൂടെ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ മുഴുവൻ പ്രവർത്തനങ്ങളും കൈകാര്യം ചെയ്യാൻ കഴിയുന്ന വിധത്തിൽ ഐ.കെ.എം വികസിപ്പിച്ചുകൊണ്ടിരിക്കുന്ന Integrated Local Self Government Management System (ERP - Enterprise Resources Planning) ആപ്ലിക്കേഷനുമായി ബന്ധപ്പെട്ട് വർക്ക് ഫ്ലോ, മീറ്റിംഗ് മാനേജ്മെന്റ് , സിവിൽ രജിസ്ട്രേഷൻ, സാമൂഹിക ക്ഷേമ പെൻഷൻ തുടങ്ങിയ സോഫ്റ്റ് വെയറുകളുടെ ഡൊമൈൻ ഡോക്യുമെന്റേഷൻ പ്രവർത്തനങ്ങളും വർക്ക് ഫ്ലോ, സിവിൽ രജിസ്ട്രേഷൻ, ഫിനാൻസ് & അക്കൗണ്ടിംഗ് എന്നീ മൊഡ്യൂളുകളുടെ വികസന പ്രവർത്തനങ്ങളും പൂർത്തീകരിക്കുകയും ചെമ്മരുതി ഗ്രാമപഞ്ചായത്തിൽ 2020 മെയ് 20 ന് ERP സോഫ്റ്റ്‌വെയർ പൈലറ്റ് അടിസ്ഥാനത്തിൽ വിന്യസിക്കുകയുമുണ്ടായി. നിലവിൽ 150 ഗ്രാമപഞ്ചായത്തുകളിൽ ILGMS സോഫ്റ്റ്‌വെയറിന്റെ വിന്യാസം പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ള തദ്ദേശ സ്ഥാപനങ്ങളിൽ ILGMS സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) | സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളും ഐ.എസ്.ഒ. നിലവാരം കൈവരിച്ചു കഴിഞ്ഞോ; കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഐ.എസ്.ഒ. നിലവാരം കൈവരിച്ചിരുന്നോ എന്നറിയിക്കാമോ? | (സി) | സംസ്ഥാനത്തെ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും (152 എണ്ണം) ഐ.എസ്.ഒ. നിലവാരം കൈവരിച്ചു കഴിഞ്ഞു. കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാനിൽ ഉൾപ്പെടുത്തി, സംസ്ഥാനത്തെ 939 ഗ്രാമപഞ്ചായത്തുകൾ ISO അംഗീകാരം നേടിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ഇടമലക്കുടി, ആലപ്പുഴ ജില്ലയിലെ തലവടി ഗ്രാമ പഞ്ചായത്തുകൾക്ക് ISO അംഗീകാരം ഇനി ലഭിക്കാനുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 162 ഗ്രാമപഞ്ചായത്തുകളും, 4 നഗരസഭകളും, 2 ബ്ലോക്ക് പഞ്ചായത്തുകളും ഐ.എസ്.ഒ. നിലവാരം കൈവരിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ